# വിധവ

അവൾ വെള്ളയണിഞ്ഞ്–
അച്ഛന്റെ കരത്തിലൊതുങ്ങി
ഉമ്മറം കയറി ......

നീലാകാശത്തെ ശുഭ്രമേഘങ്ങളിൽ
കാറുപടരും പോലെ
അവളുടെ വെള്ളുടുപ്പണിഞ്ഞ
നീലിച്ച മേനിയിൽ വ്യസനപർവ്വം മൂടികെട്ടി.....

അമ്മയുടെ കരച്ചിലിൽ
വേലക്കാരിയുടെ ചിരി.
സൗഭ്രാത്രാക്രന്ദനങ്ങളിൽ
ഇണകളുടെ ഉല്ലാസം.
ചോരനാരികളുടെ നോവിൽ
ഗർഭിണികളുടെ അയനാമൃതാനുഭൂതി.
മിത്രതയുടെ തുരിശുകളിൽ
കൂട്ടുചാരിയുടെ ആഹ്ലാദം.
തുയിർപെട്ട നാട്ടുകൂട്ടങ്ങളിൽ
ചൂളംവിളികളുടെ ധ്വനങ്ങൾ.
ഒച്ചൊഴിഞ്ഞ കൂരയിൽ
ചുമ്മാൻ,ഒരൊച്ചെത്തിയ പ്രതീതി.

സാധ്വി അൽപ്പം ശാന്തിക്കായി
വീണ്ടും പിതാവോരം ചേർന്നു.
പക്ഷേ, അച്ഛനിലെ വൃദ്ധന്റെ
പ്രതീക്ഷാ സ്വനങ്ങൾ കേട്ട്
അവളുടെ ആശകെട്ടു.